# യഥാർഥ സ്മൃതിയുടെ തെളിവ്- സമർഥസ്വരൂപമായി ശക്തികളിലൂടെ സർവരുടെയും പാലന ചെയ്യൂ

ഇന്ന് സർവരുടെയും ഹൃദയത്തിൽ സ്മൃതികൾ വന്നുകൊണ്ടിരിക്കുകയാണ്. ബാപ്ദാദയുടെ അടുക്കലും അമൃതവേള മുതൽ സ്നേഹത്തിന്റെയും ഓർമയുടെയും വിവിധ മാലകൾ നാലു പാടുമുള്ള കുട്ടികളുടെ ഭാഗത്തു നിന്ന് കഴുത്തിൽ വീഴുകയായിരുന്നു. ഒപ്പമൊപ്പം ഓർമയുടെയും സ്നേഹത്തിന്റയും ഹൃദയത്തിന്റെ ഗീതവും കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ബാപ്ദാദ ഇരുകുട്ടികൾക്കും പകരമായി ഭിന്ന ഭിന്ന ശക്തികളുടെ, ഭിന്ന ഭിന്ന വരദാനങ്ങളുടെ മാലകൾ അണിയിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ സ്മൃതി ദിവസം സാകാരലോകത്തിന്റെ വേദിയിൽ കുട്ടികൾക്ക് സമർഥിസ്വരൂപത്തിന്റെ വരദാനത്തിലൂടെ സൺ ഷോസ് ഫാദറിന്റെ വിശേഷ ദിവസമാണ്. എന്തെന്നാൽ സാകാരരൂപത്തിൽ സേവനത്തിന്റെ നിമിത്തമാക്കിയതിന്റെ, കുട്ടികളെ സേവനത്തിന്റെ വേദിയാകുന്ന സിംഹാസനത്തിൽ ഇരുത്തിയതിന്റെ, ഉത്തരവാദിത്തത്തിന്റെ കിരീടമണിയിച്ചതിന്റെ ദിനമാണ്. സാകാരരൂപത്തിൽ സേവനത്തിന്റെ നിമിത്തമാകുന്നതിന്റെ കിരീടധാരണത്തിന്റെ അഥവാ തിലകം ചാർത്തുന്ന ദിവസമാണ്. എല്ലാ കുട്ടികളും ബാബയുടെ സഹയോഗിയായി നിമിത്തമായിട്ടുണ്ട്, ആയിക്കൊണ്ടുമിരിക്കും. ബാപ്ദാദയും കുട്ടികളെ സേവനത്തിന്റെ ഉണർവുത്സാഹത്തിൽ മുന്നേറുന്നത് കണ്ട് ഹർഷിതമാകുകയാണ്. ഓരോരോ കുട്ടിയും യഥാക്രമം ധൈര്യത്തോടെയും ഉണർവോടെയും മുന്നേറുന്നു. ഭൂരിപക്ഷം കുട്ടികളും ഓർമയിലും സേവനത്തിലും മുഴുകിയിരിക്കുന്നു. ഇന്നത്തെ ദിവസം കുട്ടികൾ വിശേഷിച്ച് നാനാ ഭാഗത്തെയും ബ്രഹ്മാബാബയുടെ ഓർമയിൽ ലൗലീനമായി കഴിയുന്നു, ഇങ്ങനെ വിശേഷിച്ച് ബ്രഹ്മാബാബയും കുട്ടികളുടെ സ്നേഹത്തിൽ ലീനമായിരിക്കുന്നു.

ഇന്ന് ബ്രഹ്മാബാബ കുട്ടികളുടെ വിശേഷതകളെ കാണുകയായിരുന്നു. എങ്ങനെയെങ്ങനെ ഓരോ കുട്ടിയുടെയും വിശേഷത മുന്നിൽ വരുന്നുവോ അപ്പോൾ ബ്രഹ്മാബാബയുടെ വായിലൂടെ ഈ വാക്കുകളാണ് പുറപ്പെട്ടുകൊണ്ടിരുന്നത്– ആഹാ കുട്ടികളേ ആഹാ! സബാഷ് കുട്ടികളേ സബാഷ്! പിന്നെ എന്തുണ്ടായി? എങ്ങനെ ബ്രഹ്മാബാബ ആഹാ കുട്ടികളേ, സബാഷ് കുട്ടികളേ എന്നു പറയുന്നുണ്ടായിരുന്നുവോ, ഇങ്ങനെത്തന്നെ എല്ലാ കുട്ടികളുടെയും നയനങ്ങളിൽ നിന്നു പ്രേമത്തിന്റെ ഗംഗ, യമുന ഒഴുകിക്കൊണ്ടിരിക്കുകയായിരുന്നു. ഓരോരോ കുട്ടിയും സ്നേഹത്തിന്റെ നദിയിൽ ലൗലീനമായിരുന്നു. ഇതായിരുന്നു വതനത്തിന്റെ ദൃശ്യം. സാകാരലോകത്തും ഓരോരോ സ്ഥലത്തിന്റെ അതാത് ഓർമയുടെയും സ്നേഹത്തിന്റെയും ദൃശ്യം ബാപ്ദാദ കണ്ടു. ഇനി മുന്നോട്ട് എന്തു ചെയ്യണം? സ്മൃതി ഉണ്ട് പക്ഷേ **യഥാർഥ സ്മൃതിയുടെ തെളിവാണ് –സ്മൃതിയിലൂടെ സമർഥ സ്വരൂപമാകുക**. സ്മൃതി അതിശ്രേഷ്ഠമാണ്. ബ്രാഹ്മണനായപ്പോൾ ബാപ്ദാദയിലൂടെ പ്രാപ്തമായ ജന്മസിദ്ധഅധികാരം , അത് സെക്കന്റിന്റെ സ്മൃതിയിലൂടെ തന്നെയാണ് പ്രാപ്തമായത്. ഹൃദയം അറിഞ്ഞു, ഹൃദയത്തിൽ, മനസിൽ, ബുദ്ധിയിൽ സ്മൃതി വന്നു– ഞാൻ ബാബയുടേത്, ബാബ എന്റേത്. ഈ സ്മൃതിയിലൂടെ തന്നെയാണ് ജന്മസിദ്ധഅധികാരത്തിന്റെ അധികാരിയായത്. ഈ സ്മൃതി സർവ ശക്തികളുടെ ചാവിയായി. ഈ സ്മൃതി സ്വർണിമമാണ്. ഞാൻ ബാബയുടേത് അർഥം ഞാൻ ആത്മാവാണ്, എപ്പോൾ നിശ്ചയം വന്നുവോ ഞാൻ ആത്മാവ് ബാബയുടെ കുട്ടിയാണ്, അപ്പോൾ നിശ്ചയത്തിന് എത്ര സമയമെടുത്തു? കോഴ്സെടുക്കാൻ സമയമെടുത്തു, എന്നാൽ നിശ്ചയമുണ്ടായപ്പോൾ എത്ര സമയമെടുത്തു? സെക്കന്റിന്റെ വ്യാപാരമായിരുന്നില്ലേ! സെക്കന്റിൽ സമ്പത്തിന് അധികാരിയായി മാറി, എല്ലാവരും അധികാരിയായി മാറിയില്ലേ, അതോ മാറിക്കൊണ്ടിരിക്കുകയാണോ? അധികാരിയായിയോ? ഇത് പക്കയാണോ? ശരി.

ഡബിൾ വിദേശികൾ സമ്പത്തിന് അധികാരിയായിയോ? പാണ്ഡവർ അധികാരിയായോ? പക്കാ?പക്കാ? പക്കാ? വളരെ നല്ലത്. അധികാരികൾക്ക് ആശംസകൾ. അധികാരത്തിൽ വിശേഷിച്ച് ബാബയിലൂടെ സർവ ശക്തികൾ ലഭിച്ചിട്ടുണ്ടോ? ഒരു കൈ ഉയർത്തൂ– ലഭിച്ചുവോ? സർവ ശക്തികളും ലഭിച്ചില്ലേ! അതോ ചിലർക്ക് 8 ലഭിച്ചു, ചിലർക്ക് 6 ആണോ ലഭിച്ചത്? സ്വയം പറയുന്നു– മാസ്റ്റർ സർവശക്തിവാൻ. ശക്തിവാൻ എന്നല്ല പറയുന്നത്, സർവശക്തിവാൻ എന്നാണ് പറയുന്നത്. ഈ മുന്നിലിരിക്കുന്നയാൾ സർവ ശക്തിവാൻ ആണോ? ബാപ്ദാദ സർവം എന്ന വാക്കാണ് ചോദിക്കുന്നത്? എല്ലാവരും സർവശക്തിവാനാണോ അതോ ചില ചിലർ ശക്തിവാനുമുണ്ടോ? ഉണ്ടോ ആരെങ്കിലും? ആര് പറയുന്നു ഞാൻ സർവശക്തിവാനല്ല എന്നാൽ ശക്തിവാനാണ്, ഇങ്ങനെ ആരെങ്കിലുമുണ്ടോ? ഇല്ലല്ലോ? ആരും കൈ ഉയർത്തുന്നില്ല. എല്ലാവരും മാസ്റ്റർ

സർവ ശക്തിവാനാണ്! അപ്പോൾ മാസ്റ്റർ സർവശക്തിവാനാണ്, ബാപ്ദാദ ചോദിക്കുകയാണ്, പ്രകൃതിയുടെ, മായയുടെ, സ്വഭാവസംസ്കാരത്തിന്റെ, അന്തരീക്ഷത്തിന്റെ പരിതസ്ഥിതികളിൽ മാസ്റ്റർ സർവശക്തിവാനല്ലേ? ഈ പ്രകൃതി, മായ, സംസ്കാരം, അന്തരീക്ഷം, സംഗദോഷം ഈ അഞ്ചിനെയും തൻറെ ശക്തിയുടെ ആധാരത്തിൽ അധീനമാക്കിയോ? ഇത് 5 തലയുള്ള സർപ്പമാണ്, ഈ സർപ്പത്തിനു മേൽ 5 തലയുടെ മേൽ അധികാരിയായി നൃത്തം ചെയ്യുകയാണോ? ചെയ്യുന്നുണ്ടോ അതോ ഏതെങ്കിലും തല വന്ന് താങ്കളുടെ മേൽ നൃത്തം ചെയ്യുകയാണോ? സർപ്പവും വളരെ നന്നായി നൃത്തം ചെയ്യുമല്ലോ. അപ്പോൾ ഏതെങ്കിലും തല താങ്കളെ നൃത്തം കാണിക്കാൻ വരുന്നില്ലല്ലോ? ഇടയ്ക്ക് അവരുടെ കളി കാണുന്നത് നല്ലതായി തോന്നുന്നില്ലല്ലോ? കളി കാണുന്നതിൽ മുഴുകൂ. 5 സർപ്പങ്ങളെയും കഴുത്തിലെ മാലയാക്കിയിട്ടുണ്ടോ? ശേഷ ശയ്യയാക്കിയോ, നൃത്തമാടാൻ വേദിയാക്കിയോ? താങ്കളുടെ അന്തി മഹാദേവ , തപസ്വി ദേവ, അശരീരി സ്ഥിതിയുള്ള ദേവാത്മാ, മാലാഖാ ആത്മാവ്– ഈ ഓർമചിഹ്നത്തിൽ ഈ എല്ലാ സർപ്പത്തെയും കഴുത്തിലെ മാലയായി കാണിച്ചിരിക്കുന്നു. ഈ മാല അണിയുമ്പോൾ ബാബയുടെ മാലയിൽ നല്ല നമ്പറിൽ സമീപ മണിയായി മാറുന്നു. വിജയമാലയുടെ സമീപമണിയായി മാറുന്നു.

ബാപ്ദാദ ആദ്യമേ പറഞ്ഞിട്ടുണ്ട്– വർത്തമാനസമയം സമയാനുസരണം വിശേഷിച്ച് സഹനശക്തിയും സമസ്യ അഥവാ പരിതസ്ഥിതിയെ നേരിടാനുള്ള ശക്തിയും കർമത്തിൽ ആവശ്യമാണ്. കേവലം മനസും വാക്കും വരെയല്ല, കർമം വരെ ആവശ്യമാണ്. ബാപ്ദാദ റിസൽറ്റിൽ കണ്ടു– ശക്തികളുണ്ട്, ശക്തികളില്ല എന്നല്ല. ഉണ്ട് എന്നാൽ വ്യത്യാസമെന്താണ് വരുന്നത്? സമയത്ത് ഏതു ശക്തി ഏതു വിധിയിൽ കാര്യത്തിലുപയോഗിക്കണമോ, അത് സമയത്ത് വിധിപൂർവം ഉപയോഗിക്കുന്നതിൽ, കാര്യത്തിലെടുക്കുന്നതിൽ അന്തരം വന്നുപോകുന്നു. സ്മൃതിയുണ്ട്, എന്നാൽ സ്മൃതിയെ സമർഥ സ്വരൂപത്തിലേക്ക് കൊണ്ടു വരുന്നില്ല. സ്മൃതി കൂടുതലാണ്, സമർഥത ഇടയ്ക്ക് കുറവ്, ഇടയ്ക്ക് ശരിയാകുന്നു. സ്മൃതി സമ്പത്തിന് അധികാരിയാക്കിയിരിക്കുന്നു. എന്നാൽ ഓരോ സ്മൃതിയുടെയും സമർഥത വിജയിയാക്കി വിജയമാലയുടെ സമീപ മുത്താക്കുന്നു. സമർഥതകളെ സ്വരൂപത്തിലേക്ക് കൊണ്ടുവരൂ. മനസിലുണ്ട്, ബുദ്ധിയിലുണ്ട്, എന്നാൽ താങ്കളുടെ സ്വരൂപത്തിൽ ഓരോ കാര്യത്തിലും ഓരോ സമർഥത പ്രത്യക്ഷരൂപത്തിലേക്ക് വരട്ടെ. അപ്പോൾ സ്മൃതിദിവസം വളരെ നന്നായി ആഘോഷിച്ചു. ഇനി സമർഥതകളെ സ്വരൂപത്തിലേക്ക് കൊണ്ടുവരൂ. ആരെയെങ്കിലും കാണുമ്പോൾ താങ്കളുടെ നയനങ്ങളിലൂടെ സമർഥസ്വരൂപത്തിന്റെ അനുഭവമുണ്ടാകട്ടെ. ഓരോ വാക്കിലൂടെയും മറ്റുള്ളവരും സമർഥരായി മാറട്ടെ, സമർഥതയുടെ അനുഭവം ചെയ്യട്ടെ. സാധാരണ സംസാരമല്ല. ഓരോ വാക്കിലും എന്ത് സമർഥതയുടെ വരദാനം ലഭിച്ചുവോ അത് അനുഭവം ചെയ്യിക്കൂ. മനോ ബുദ്ധിയിലൂടെ ശ്രേഷ്ഠ സങ്കൽപത്തിന്റെയും യഥാർഥ നിർണയശക്തിയുടെയും അന്തരീക്ഷം സ്വരൂപത്തിൽ കൊണ്ടുവരൂ. സാധാരണ പെരുമാറ്റത്തിലും മാലാഖത്വത്തിന്റെ സമർഥിസ്വരൂപം കാണപ്പെടട്ടെ. ഡബിൾലൈറ്റിന്റെ അനുഭവം സ്വയത്തിനും മറ്റുള്ളവർക്കുമുണ്ടാകട്ടെ. ഇങ്ങനെയാണോ? അപ്പോൾ നടക്കുമ്പോഴും കറങ്ങുമ്പോഴും സമർഥസ്വരൂപമാകൂ, മറ്റുള്ളവർക്കും സമർഥത പകരൂ.

ബാബ ഇന്ന് ബ്രഹ്മാബാബയെ ചുറ്റിക്കറക്കി. എവിടെ ചുറ്റിക്കറങ്ങി? ബ്രഹ്മാബാബ അവ്യക്തമായ ശേഷം ആരാര് ദേശ വിദേശത്ത് അവ്യക്ത ജന്മമെടുത്തുവോ, ആ എല്ലാ ബ്രാഹ്മണരെയും കാണിച്ചു. അപ്പോൾ അവർ എത്രയുണ്ടാകും? സാകാരരൂപത്തേക്കാൾ അവ്യക്ത രൂപത്തിന്റെ രചന വളരെ അധികമായിരുന്നു. ഓരോ സ്ഥലത്തെയും അവ്യക്തരചനകളായ ആത്മാക്കളെ വതനത്തിൽ എമർജ് ചെയ്തു. കേട്ടുവോ! അതിൽ താങ്കളൊക്കെ ഉണ്ടല്ലോ! ഓരോരുത്തരെയും ബാപ്ദാദ വളരെ സ്നേഹത്തിന്റെ സമീപ ദൃഷ്ടി നൽകി, അവ്യക്തരചനയ്ക്ക് ഒരു വിശേഷ സമ്മാനവും നൽകി. ഇപ്പോൾ ഇവിടെ ആര് ഇരിക്കുന്നുവോ, അതിൽ സാകാര ബ്രഹ്മാവിനു ശേഷം ബ്രാഹ്മണാത്മാവിന്റെ രചനയിൽ വന്നവർ, അവർ കൈ ഉയർത്തൂ. ഭൂരിപക്ഷവുമാണ്, ശരി താഴ്ത്തിക്കോളൂ. ശരി സാകാര രൂപത്തിലെ രചനകൾ ആരാണോ അവർ കൈ ഉയർത്തൂ. വളരെ കുറവാണ്. ഇന്നത്തെ സഭയിൽ വളരെ കുറവാണ്. അപ്പോൾ ബാപ്ദാദ ഓരോരോ കുട്ടികളെയും എമർജ് ചെയ്തു, എന്തെന്നാൽ സംഖ്യ വളരെയുണ്ടായിരുന്നു. ഇവിടെ ഇരിക്കുവാനും കഴിയുകയില്ല, വതനത്തിലാണെങ്കിൽ എല്ലാവർക്കും വരാം. അവിടെ എത്ര വലിയ സ്ഥലം വേണോ അത്രയും സ്ഥലമുണ്ട്. അപ്പോൾ ബാപ്ദാദ എല്ലാവരെയും വതനത്തിൽ എമർജ് ചെയ്തു, അതായത് ക്ഷണം നൽകി വിളിപ്പിച്ചു. എല്ലാവരും വളരെ സന്തോഷിച്ചിട്ടുണ്ടായിരുന്നു, ബാപ്ദാദ അവരെക്കാളധികം സന്തോഷിച്ചിരുന്നു. ബാപ്ദാദ ആ രത്നങ്ങൾക്ക് സമ്മാനം നൽകി, വളരെ സുന്ദരമായ കറയറ്റ വജ്രത്തിന്റെ നല്ല തിളങ്ങുന്ന കമലപുഷ്പമായിരുന്നു, അതിൽ ഓരോരോ കമലദളത്തിലും ഭിന്ന ഭിന്ന ശക്തികളായിരുന്നു, അവ ഭിന്ന ഭിന്ന നിറങ്ങളിൽ തിളങ്ങുന്നുണ്ടായിരുന്നു. ആ കറയറ്റ രത്നത്തിന്റെ കമലപുഷ്പം താങ്കൾ എമർജ് ചെയ്യൂ, എത്ര ശോഭനീയമായിരിക്കും, എമർജ് ആയോ? എമർജ് ചെയ്തോ? ഡബിൾ വിദേശികൾ

എമർജ് ചെയ്തോ? ടീച്ചേഴ്സ് എമർജ് ചെയ്തോ? പാണ്ഡവർ എമർജ് ചെയ്തോ? മധുര മധുരമായ മാതാക്കൾ എമർജ് ചെയ്തോ? മാതാക്കൾ ഈ വിശ്വവിദ്യാലയത്തിന്റെ വിശേഷതയാണ്. എല്ലാവർക്കും ഏതു കാര്യത്തിലാണ് ആശ്ചര്യം? ഇത്രയും മാതാക്കളും ശക്തികളുമുണ്ടായി! ഇത്രയും മാതാക്കൾ പവിത്രതയുടെ വ്രതം ധാരണ ചെയ്ത് ദേവിമാരുടെ രൂപത്തിലേക്ക് പരിവർത്തനപ്പെട്ടു. ഭൂരിപക്ഷം മാതാക്കളാണ് കാണപ്പെടുന്നത്. അപ്പോൾ ബാപ്ദാദ ഇന്ന് അവ്യക്തരചനകൾക്ക് വളരെ വളരെ സ്നേഹം നൽകി. വതനത്തിൽ പൂന്തോട്ടവും എമർജ് ചെയ്തു. പർവതവും എമർജ് ചെയ്തു, ഒപ്പം സാഗരവും എമർജ് ചെയ്തു. എല്ലാവരെയും നിറയെ ചുറ്റിക്കാണിച്ചു. ചുറ്റിക്കറങ്ങാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. കളിപ്പിച്ചില്ല, ബാറ്റും ബോളും കൊണ്ടുള്ള കളി കളിപ്പിച്ചില്ല. ചിലർ സാഗരത്തിൽ അലകളിൽ അലയടിക്കുകയായിരുന്നു, ചിലർ പർവതത്തിനു മേൽ ഇരിക്കുകയായിരുന്നു, ചിലർ പൂന്തോട്ടത്തിൽ കറങ്ങുകയായിരുന്നു, അപ്പോൾ ഇന്നു വതനത്തിൽ അവ്യക്തരചനയുടെ സഭയായിരുന്നു. ബാപ്ദാദ എല്ലാവർക്കും ഈ വരദാനം നൽകി- **സദാ സർവ ശക്തികളിലും ജയിച്ചുകൊണ്ടിരിക്കൂ, പറന്നുകൊണ്ടിരിക്കൂ.**

അപ്പോൾ ബാപ്ദാദയുടെ ഇന്നത്തെ സ്മൃതിദിവസത്തെ വിശേഷമഹാമന്ത്രമാണ്- **സ്മൃതിസ്വരൂപമായി സമർഥതകളെ സ്വരൂപത്തിൽ കൊണ്ടുവരൂ.** ഖജനാക്കളെ ഗുപ്തമാക്കി വെക്കാതിരിക്കൂ, ഓരോ കർമത്തിലൂടെയും പുറമെ പ്രത്യക്ഷമാക്കൂ. ഏതൊരു ആത്മാവ് ദൃഷ്ടിയിലാകട്ടെ, വായിലൂടെ സംസാരത്തിലാകട്ടെ, കർമത്തിൽ ഒപ്പം സമ്പർക്കത്തിൽ വന്നിട്ടാകട്ടെ, അവർക്ക് സമർഥമാകുവാൻ സഹയോഗം നൽകൂ, സമർഥസ്വരൂപത്തിന്റെ സ്നേഹം നൽകൂ. ബാപ്ദാദ ഇതും കണ്ടു- ആരാര് പുതിയ പുതിയ കുട്ടികൾ വരുന്നുണ്ടോ അവരിൽ പല ആത്മാക്കളും ഇങ്ങനെയുമുണ്ട്- ബാപ്ദാദയുടെ സഹയോഗത്തിനൊപ്പമൊപ്പം താങ്കൾ ബ്രാഹ്മണാത്മാക്കളിലൂടെ ധൈര്യം, ഉണർവ്, ഉത്സാഹം, സമാധാനം ലഭിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ചെറിയ ചെറിയവരല്ലേ! ചെറുതാണെങ്കിലും ധൈര്യം വെച്ച് ബ്രാഹ്മണരായില്ലേ! അപ്പോൾ ചെറിയവർക്ക് ശക്തികളിലൂടെ പാലനയുടെ ആവശ്യകതയുണ്ട്. മറ്റു പാലനയല്ല, ശക്തി നൽകുന്നതിന്റെ പാലനയുടെ ആവശ്യകതയാണ്. അപ്പോൾ പെട്ടെന്ന് സ്ഥാപനയുടെ ബ്രാഹ്മണാത്മാക്കൾ തയ്യാറാവട്ടെ എന്തെന്നാൽ കുറഞ്ഞത് 9 ലക്ഷം വേണമല്ലോ! അപ്പോൾ ശക്തികളുടെ സഹയോഗം നൽകൂ, ശക്തികളിലൂടെ പാലന നൽകൂ, ശക്തികൾ വർധിപ്പിക്കൂ. കൂടുതൽ ചർച്ച ചെയ്യുന്നതിന്റെ ശിക്ഷണം നൽകാതിരിക്കൂ, ശക്തി നൽകൂ. അവരുടെ ദുർബലത കാണാതിരിക്കൂ, എന്നാൽ അതിൽ വിശേഷത അഥവാ ഏത് ശക്തിയുടെ കുറവാണോ അത് നിറച്ചുകൊണ്ട് പോകൂ. ഇന്നത്തെക്കാലത്ത് ആര് നിമിത്തമാണോ അവർക്ക് ഈ പാലനയ്ക്ക് നിമിത്തമാകേണ്ടതിന്റെ ആവശ്യകതയുണ്ട്. വിദ്യാർഥികൾ വർധിക്കട്ടെ, സേവാകേന്ദ്രം വളരട്ടെ, ഇത് സാധാരണമാണ്, എന്നാൽ ഓരോരോ ആത്മാവിനെയും ബാബയുടെ സഹായത്താൽ ശക്തിശാലിയാക്കുക, ഇപ്പോൾ ഇതിന്റെ ആവശ്യകതയാണ്. സേവനം എല്ലാവരും ചെയ്യുന്നുണ്ട്. ചെയ്യാതിരിക്കുവാനും സാധിക്കുകയില്ല. എന്നാൽ സേവനത്തിൽ ശക്തിസ്വരൂപത്തിന്റെ വൈബ്രേഷൻ ആത്മാക്കൾക്ക് അനുഭവമാകട്ടെ, ശക്തിശാലി സേവനമാകണം. സാധാരണ സേവനം ഇന്നത്തെ ലോകത്ത് ധാരാളം പേർ ചെയ്യുന്നുണ്ട്. എന്നാൽ താങ്കളുടെ വിശേഷതയാണ് ശക്തിശാലി സേവനം. ബ്രാഹ്മണആത്മാക്കൾക്കും ശക്തിയുടെ പാലന ആവശ്യമാണ്. ശരി.

ബാപ്ദാദയുടെ മുന്നിൽ ദേശവിദേശത്തെ എല്ലായിടത്തെയും കുട്ടികൾ ദൂരെയായിട്ടും മുന്നിലാണ്. ബാപ്ദാദയ്ക്കറിയാം എല്ലാവരും ഒരേ വാക്കാണ് പറയുന്നത്- എന്റെയും ഓർമ നൽകണം, എന്റെയും ഓർമ നൽകണം. ബാപ്ദാദയുടെ അടുക്കൽ എല്ലാവരുടെയും ഓർമ എത്തിച്ചേരുക തന്നെ ചെയ്യുന്നു. കത്തിലൂടെയാകട്ടെ, വായിലൂടെയാകട്ടെ, കാർഡിലൂടെയാകട്ടെ, ഇന്നത്തെ കാലത്തെ ഇമെയ്ലിലൂടെ അയക്കുന്നു. സയൻസിന്റെ സാധനങ്ങൾ വളരെ ആയിട്ടുണ്ട്. ബാപ്ദാദയുടെ അടുക്കൽ സാധനങ്ങളെക്കാൾ ഓർമ എത്തിച്ചേരുന്നു. ഹൃദയത്തിന്റെ ശബ്ദത്തിലൂടെയും ഓർമ എത്തിച്ചേരുന്നു. അപ്പോൾ ഇന്നത്തെ ദിവസം ആരു തന്നെ ഹൃദയം കൊണ്ട്, ഭിന്ന ഭിന്ന സാധനങ്ങളിലൂടെ സ്നേഹസ്മരണ നൽകിയോ ആ എല്ലാവർക്കും ബാപ്ദാദ സ്നേഹസ്മരണ നൽകുന്നു. കുട്ടികൾ ഒരു തവണ ഓർമ നൽകി, ബാബ പകരമായി കോടിമടങ്ങ് സ്നേഹസ്മരണ നൽകുന്നു. ശരി.

നാനാ ഭാഗത്തെയും ഹൃദയം കൊണ്ട് സമീപമായ സമർഥ ആത്മാക്കൾക്ക്, സദാ സമയത്ത് ഓരോ ശക്തിയെയും സ്വരൂപത്തിലൂടെ പ്രത്യക്ഷമാക്കുന്ന ശ്രേഷ്ഠആത്മാക്കൾക്ക്, സദാ ശക്തികളിലൂടെ ആത്മാക്കളുടെ പാലനയ്ക്ക് നിമിത്തമാകുന്ന ബാബയുടെ സഹയോഗി ആത്മാക്കൾക്ക്, സദാ ഓരോരുത്തരിലും ധൈര്യം, ഉണർവ്, ഉത്സാഹം നൽകുന്ന പറക്കുന്ന കലയിലുള്ള ആത്മാക്കൾക്ക് ,

സദാ സമസ്യയെ സമാധാനസ്വരൂപത്തിലേക്ക് പരിവർത്തനപ്പെടുത്തുന്ന വിശ്വ പരിവർത്തകആത്മാക്കൾക്ക്, സ്മൃതിസ്വരൂപത്തിൽ നിന്ന് സമർഥസ്വരൂപമാകുന്ന ആത്മാക്കൾക്ക് ബാപ്ദാദയുടെ കോടിമടങ്ങ് സ്നേഹസ്മരണ, നമസ്തേ.

ശരി! ഇന്ന് പ്രത്യേകിച്ച് ഇത് സംഗമഭവനമല്ലേ, സംഗമഭവനക്കാർ വന്നിട്ടുണ്ട്, അവരുടെയും സേവനം കുറഞ്ഞതല്ല. ഇന്ന് പ്രത്യേകിച്ച് അവരുടെ ഓർമ ബാപ്ദാദയ്ക്ക് ലഭിച്ചിരുന്നു. സ്വീകരിക്കുന്നതിന്റെ സേവനവും കുറഞ്ഞതല്ല. അതുപോലെ ശാന്തിവനത്തിലെ സേവാധാരികൾ ആരൊക്കെയുണ്ടോ അവരോരോരുത്തരുടെയും സേവനം ഒന്നിനൊന്നു മുന്നിലാണ്, നല്ലതാണ്. ഉണരേണ്ടിയും വരുന്നു, നടക്കേണ്ടിയും വരുന്നു, ഓടേണ്ടിയും വരുന്നു, സന്തുഷ്ടമാക്കേണ്ടിയും വരുന്നു. ആശംസകൾ. പാണ്ഡവഭവനത്തിലുള്ളവർ, മധുബന്റെ നാലു ധാമത്തിലുമുള്ളവർ എല്ലാവർക്കും ആശംസകൾ, ആശംസകൾ, ആശംസകൾ.

ഡബിൾവിദേശികൾ നോക്കിക്കൊണ്ടിരിക്കുകയാണ്, ഞങ്ങളെ ബാപ്ദാദ പറഞ്ഞില്ലല്ലോ. ഡബിൾവിദേശികളോട് എല്ലാ ബാപ്ദാദ സഹിതം ദാദിമാരുടെയും എല്ലാ ബ്രാഹ്മണരുടെയും ഡബിൾ ട്രിപ്പിൾ സ്നേഹമാണ്, എന്തുകൊണ്ട്? ബാപ്ദാദ സദാ വിശേഷത കേൾപ്പിക്കുന്നു– പല പ്രകാരത്തിലുമുള്ള സംസ്കാരങ്ങളുടെ മതിലുകളെ തകർത്ത് ബ്രാഹ്മണജീവിതത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ബ്രാഹ്മണസംസ്കാരത്തിലുള്ളവരായി മാറി, തോന്നുകയേയില്ല ഇവർ ഏതെങ്കിലും ദൂരദേശത്തുള്ളവരാണ്. നമ്മുടെ ഭാരതത്തിന്റെയാണ്, സദാ ആയിരിക്കും, അതിനാൽ ഡബിൾ വിദേശികൾക്കും വളരെ വളരെ കോടാനുകോടി തവണ ആശംസകൾ. വളരെ നല്ലത്

### വരദാനം – ദേഹബോധത്തിൽ നിന്ന് വേറിട്ട് പരമാത്മസ്നേഹത്തിന്റെ അനുഭവം ചെയ്യുന്ന കമലാസനധാരിയായി ഭവിക്കട്ടെ.

കമലാസനം ബ്രാഹ്മണആത്മാക്കളുടെ ശ്രേഷ്ഠസ്ഥിതിയുടെ അടയാളമാണ്, ഇങ്ങനെയുള്ള കമലാസനധാരി ആത്മാക്കൾ ഈ ദേഹബോധത്തിൽ നിന്ന് സ്വതവേ വേറിട്ടിരിക്കുന്നു. അവരെ ശരീരത്തിന്റെ ബോധം അതിനു നേർക്ക് ആകർഷിക്കുന്നില്ല. ഏത് പോലെ ബ്രഹ്മാബാബയ്ക്ക് നടക്കുമ്പോഴും കറങ്ങുമ്പോഴും മാലാഖാരൂപം അഥവാ ദേവതാരൂപം സദാ സ്മൃതിയിലുണ്ടായിരുന്നവോ അതു പോലെ. ഇങ്ങനെ സ്വാഭാവികമായി ദേഹിഅഭിമാനിസ്ഥിതി സദാ ഉണ്ടായിരിക്കണം– ഇതിനെയാണ് പറയുന്നത് ദേഹബോധത്തിൽ നിന്നുപരി. ഇങ്ങനെ ദേഹബോധത്തിൽ നിന്ന് വേറിട്ടു കഴിയുന്നവർ തന്നെയാണ് പരമാത്മസ്നേഹിയായി മാറുന്നത്.

### സ്ലോഗൻ – താങ്കളുടെ വിശേഷതകൾ അഥവാ ഗുണങ്ങൾ പ്രഭു പ്രസാദമാണ്, അവയെ എന്റേതെന്ന് കരുതുന്നത് തന്നെയാണ് ദേഹാഭിമാനം.